**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **05-07-2022 - ൽ മറുപടിയ്ക്ക്**

**ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരമുള്ള ലോ ഫ്ലോർ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം എത്ര ലോ ഫ്ലോർ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. നാളിതുവരെ വാങ്ങിയിട്ടുള്ളത്; ഏതൊക്കെ കമ്പനികളുടെ എത്ര വീതം ബസ്സുകളാണ് കോർപ്പറേഷൻ സ്വന്തമാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | **കെ.എസ്.ആർ.ടി.സി. നാളിതുവരെ 720 ലോ ഫ്ലോർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. M/s. Ashok Leyland-ൽ നിന്ന് 316 ബസ്സുകളും വോൾവോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്-ൽ നിന്നും 190 ബസ്സുകളും ടാറ്റാ മോട്ടോഴ്സിൽ നിന്നും 214 ബസ്സുകളും വാങ്ങിയിട്ടുണ്ട്.** |
| (ബി) | ആയതിൽ എത്ര ബസ്സുകളാണ് നിലവിൽ നിരത്തുകളിൽ ഓടിക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 469 ബസ്സുകൾ സർവ്വീസിനായി സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | പ്രവർത്തനക്ഷമമല്ലാത്ത ലോ ഫ്ലോർ ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ എത്ര ലോ ഫ്ലോർ ബസ്സുകളാണ് ഇപ്രകാരം സ്ക്രാപ്പ് ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്.<br><br>239 നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 10 വോൾവോ ബസ്സുകളും സ്ക്രാപ്പ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രണ്ട് ജൻറം നോൺ എ.സി. ബസ്സുകൾ പൂർണ്ണമായും കത്തി നശിച്ചതിനാൽ സ്ക്രാപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് 10 വർഷം അല്ലെങ്കിൽ 10 ലക്ഷം കിലോമീറ്റർ ഏതാണോ ആദ്യം പൂർത്തിയാകുന്നത് എന്നതാണ് സ്വീകരിച്ചിരിക്കുന്നത്.<br><br>ജൻറം പദ്ധതി പ്രകാരം ബസ്സുകൾ അനുവദിക്കുന്നതിനായുള്ള സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (CSMC) ഈ ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് 9 വർഷമോ 9.5 ലക്ഷം കിലോ മീറ്ററോ ഏതാണോ കൂടുതൽ എന്ന മാനദണ്ഡമാണ് നിഷ്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ